**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **03-03-2025 - ൽ മറുപടിയ്ക്ക്**

**പൂതക്കുളം ഗവ.സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുള്ള ചാത്തന്നൂർ ഗവ.എൽ.പി.എസ്. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, പൂതക്കുളം ഗവ.സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് (എം.എൽ.എ - എ.ഡി.എസ്. 2018 -19) എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചാത്തന്നൂർ ഗവ.എൽ.പി.എസ്. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം എന്ന പ്രവൃത്തി നടന്നു വരുന്നതും ആയത് 10 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതുമാണ്.<br><br>പൂതക്കുളം ഗവ.സൗത്ത് എൽ.പി.എസ്സി.ലെ ചിൽഡ്രൻസ് പാർക്ക് എന്ന പ്രവൃത്തിക്കാവശ്യമായ playing equipments-ന്റെ പർച്ചേസ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പൂതക്കുളം ഗവ. സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പർച്ചേയ്സ് കാര്യങ്ങൾ പ്രഥമാദ്ധ്യാപിക നിർവഹിക്കുമെന്ന് രേഖാമൂലം അറിയിച്ച ശേഷവും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ ചെയ്യുന്നതിന് ശ്രീ. രാജു.എസ് എന്ന കരാറുകാരൻ 20.10.2020 ന് എഗ്രിമെന്റ് വച്ചിട്ടുണ്ടായിരുന്നു. എന്നാൽ പൂതക്കുളം ഗവ.സൗത്ത് എൽ.പി.എസ്സിലെ പ്രഥമാധ്യാപിക, ചിൽഡ്രൻസ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പർച്ചേയ്സ് കാര്യങ്ങൾ നിർവഹിക്കുമെന്ന് രേഖാമൂലം 04.02.2025-ന് അറിയിച്ചെങ്കിലും 2016 ലെ D.S.R.നിരക്ക് പ്രകാരം നിലവിൽ സിവിൽ പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ തയ്യാറാകുന്നില്ല . |
| (സി) | പൂതക്കുളം ഗവ. സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണത്തിന്റെ സിവിൽ പ്രവൃത്തികൾക്ക് പുതിയ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടോ; ആറു വർഷത്തിലധികമായ പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | പൂതക്കുളം ഗവ.സൗത്ത്എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണത്തിന്റെ സിവിൽ പ്രവൃത്തികൾക്ക് പുതിയ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.<br><br>പ്രവർത്തി തുടരുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ